**STD 10-FIRST BELL 2.0-CHEMISTRY-CLASS-10**

Chapter-2

# വാതക നിയമങ്ങളും മോൾ സങ്കൽപ്പനവും

**ഖര, ദ്രാവക, വാതക തന്മാത്രകൾ തമ്മിലുള്ള വ്യത്യാസം**




| ഖരം | ദ്രാവകം | വാതകം |
|---|---|---|
| വ്യക്തമായ ആകൃതിയുണ്ട് | ഏത് പാത്രത്തിലാണോ എടുത്തത് അതിന്റെ ആകൃതി | ആകൃതിയില്ല |
| ഒഴുകാൻ കഴിയില്ല | ഒഴുകാൻ കഴിയും | ഒഴുകാൻ കഴിയും |
| തൻ മാത്രകൾ വളരെ അടുത്ത് സ്ഥിതി ചെയ്യുന്നു | ഖര തൻ മാത്രയേക്കാൾ അകലെയാണ് ദ്രാവക തൻ മാത്രകൾ സ്ഥിതി ചെയ്യുന്നത് | തൻ മാത്രകൾ വളരെ അകലെയാണ് സ്ഥിതി ചെയ്യുന്നത്. |
| Eg കല്ല്, മരം, പെൻസിൽ .... | Eg ജലം, പാൽ, പെട്രോൾ ... | ഹൈഡ്രജൻ, ഓക്സിജൻ ,കാർബൺ മോണോക്സൈഡ് |

**വാതകതൻമാത്രകളുടെ ചില സവിശേഷതകൾ**

- ഓരോ വാതകത്തിലും അതിസൂക്ഷ്മങ്ങളായ അനേകം തൻമാത്രകൾ അടങ്ങിയിരിക്കുന്നു.
- ഒരു വാതകത്തിന്റെ ആകെ വ്യാപ്തവുമായി താരതമ്യം ചെയ്യുമ്പോൾ അതിലെ തൻമാത്രകളുടെ യഥാർഥ വ്യാപ്തം വളരെ നിസാരമാണ്.

- വാതകത്തിലെ തൻമാത്രകൾ എല്ലാ ദിശകളിലേക്കും നിരന്തരം ചലിച്ചു കൊണ്ടിരിക്കുന്നു.
- ക്രമരഹിതമായ ചലനത്തന്റ ഫലമായി തൻ മാത്രകൾ പരസ്പരം കൂട്ടിയിടിക്കുന്നു. ഇതിന്റെ ഫലമാമാണ് വാതകമർദ്ദം അനുഭവപ്പെടുന്നത്.
- വാതക തൻ മാത്രകളുടെ കൂട്ടിമുട്ടലുകൾ പൂർണ്ണമായും ഇലാസ്തിക സ്വഭാവമുള്ളതിനാൽ ഊർജ നഷ്ടം സംഭവിക്കുന്നില്ല.
- വാതക തൻമാത്രകൾ തമ്മിലും, വാതക തൻ മാത്രകളും പാത്രത്തിന്റെ ഭിത്തിയും തമ്മിലും ആകർഷണം തീരെയില്ല.

**മുകളിൽ നൽകിയ പ്രസ്താവനകളുടെ അടിസ്ഥാനത്തിൽ പട്ടിക പൂർത്തിയാക്കുക**

| | |
|---|---|
| വാതക തൻമാത്രകളുടെ ഊർജം | വളരെ കൂടുതൽ |
| തൻ മാത്രകൾ തമ്മിലുള്ള അകലം | ................ |
| തൻമാത്രകളുടെ ചലന സ്വാതന്ത്ര്യം | ................ |
| മാത്രകൾ തമ്മിലുള്ള ആകർഷണബലം | വളരെ കുറവ് |

**വാതകത്തിന്റെ വ്യാപ്തം & മർദം**

- ഒരു വാതകത്തിന്റെ വ്യാപ്തം അത് ഉൾക്കൊള്ളുന്ന പാത്രത്തിന്റെ വ്യാപ്തം ആയിരിക്കും.
- ക്രമരഹിതമായ ചലനത്തന്റ ഫലമായി തൻ മാത്രകൾ പരസ്പരം കൂട്ടിയിടിക്കുന്നു. ഇതിന്റെ ഫലമാമാണ് വാതകമർദ്ദം അനുഭവപ്പെടുന്നത്.
- ഒരു യുണിറ്റ് പരപ്പളവിൽ അനുഭവപ്പെടുന്ന ബലമാണ് മർദം.

- യൂണിറ്റ് പരപ്പളവിലെ ബലം = $\dfrac{\text{പ്രതലത്തിൽ അനുഭവപ്പെടുന്ന ആകെ ബലം}}{\text{പ്രതലത്തിന്റെ പരപ്പളവ്}}$

## HOME WORK

- വാതകത്തിന്റെ വ്യാപ്തം, മർദം എന്നിവയെ കുറിച്ച് ലഘു കുറിപ്പ് തയാറാക്കുക.

*Prepared by:*

Sakeena T
HST PS
Iringannur Hss Calicut